# ‘യെരിഹോവിനെ ജയിച്ചു, ഹായിയിൽ തോറ്റു’

## യോശുവ 6:20,7:4

യോശുവ 6:20 ‘‘അനന്തരം ജനം ആർപ്പിടുകയും പുരോഹിതന്മാർ കാഹളം ഊതുകയും ചെയ്തു; ജനം കാഹളനാദംകേട്ടു അത്യുച്ചത്തിൽ ആർപ്പിട്ടപ്പോൾ മതിൽ വീണു; ജനം ഓരോരുത്തൻ നേരെ മുമ്പോട്ടു പട്ടണത്തിലേക്കു കടന്നു പട്ടണം പിടിച്ചു.’’

യോശുവ 7:4 ‘‘ അങ്ങനെ ജനത്തിൽ ഏകദേശം മൂവായിരം പേർ അവിടേക്കു പോയി; എന്നാൽ അവർ ഹായിപട്ടണക്കാരുടെ മുമ്പിൽനിന്നു തോറ്റു ഓടി.’’

യിസ്രായേൽ ജനത്തെ 40 വർഷത്തെ പിന്മാറ്റ ജീവിതത്തിൽ നിന്നും ജയ ജീവിതത്തി ലേക്കു നടത്തുവാൻ നിയമിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു – യോശുവ

യിസ്രായേൽ ജനം കനാനിലേക്കു പ്രവേശിച്ചത് വിശ്വാസത്താലുള്ള കാൽവയ്പായിരുന്നു. കുലം കുത്തി കര കവിഞ്ഞൊഴുകുന്ന യോർദ്ദാനിൽ, കാൽ ചവുട്ടിയപ്പോൾ മേൽവെള്ള ത്തിന്റെ ഒഴുക്കു നിന്നു. നാം കാഴ്ചയാലല്ല വിശ്വാസത്താലത്രെ നടക്കുന്നത്. 2 കൊരി.5:7. ഇതാ, യോർദ്ദാനെ കടന്ന് കനാനിൽ പ്രവേശിച്ച ജനത്തിന്റെ മുമ്പിൽ നിൽക്കുന്ന പാപ ത്തിന്റെ വൻകോട്ട – യെരീഹോ മതിൽ. എങ്ങനെ മുമ്പോട്ടു പോകും? യാത്രയ്ക്കു വലിയ തടസ്സം. എന്നാൽ ജനം വിശ്വാസത്തോടെ ഏഴു ദിവസം ചുറ്റി നടന്ന് അത്യുച്ചത്തിൽ ആർപ്പിട്ടപ്പോൾ യെരിഹോമതിൽ ഇടിഞ്ഞുവീണു. വിശ്വാസത്താൽ ജയിപ്പാൻ കഴിയാത്ത യാതൊന്നും നമ്മുടെ ജീവിതയാത്രയിൽ ഇല്ല. എല്ലാവർക്കും വളരെ സന്തോഷമായി, ധൈര്യമായി. അവർ ചിന്തിച്ചു, ഇനിയും കനാൻനാട് പിടിച്ചടക്കുന്നത് വളരെ ലളിതമായ സംഗതി എന്ന്. എന്നാൽ ഇതാ, യെരിഹോവിലും ചെറിയ പട്ടണം ‘‘ഹായി പട്ടണം’’. യോശുവ ഒറ്റുനോക്കുവാൻ ആളുകളെ അയച്ചു. അവർ മടങ്ങിവന്നു പറഞ്ഞു: ജനം എല്ലാം പോകണമെന്നില്ല, രണ്ടായിരമോ, മൂവായിരമോ പോയാൽ മതി. ജനത്തെ എല്ലാം അയച്ച് കഷ്ടപ്പെടുത്തേണ്ട എന്ന്. അതനുസരിച്ച് മൂവായിരം പേർ അവിടെക്കു പോയി. എന്നാൽ അവർ ഹായി പട്ടണക്കാരുടെ മുമ്പിൽ നിന്ന് തോറ്റ് ഓടി.

ഇവിടെ നാം കാണുന്നത് ബലമുള്ളതായ യെരീഹോ പട്ടണത്തെ വിശ്വാസത്താൽ ജയിച്ചു, വിശ്വാസത്താൽ മതിൽ വീണു. എന്നാൽ ഒരു ബലഹീന പട്ടണത്തെ കീഴടക്കുവാൻ കഴി യാതെ പോകുന്നു, പരാജയം ഏറ്റു വാങ്ങുന്നു. ഈ തോൽവി യോശുവയെ തകർത്തു കളഞ്ഞു. യോശുവ വസ്ത്രം കീറി യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ അവനും യിസ്രായേൽ മൂപ്പന്മാരും തലയിൽ മണ്ണു വാരിയിട്ടും കൊണ്ട് സന്ധ്യവരെ സാഷ്ടാംഗം വീണുകിടന്നു. യോശുവ 7:6. യോശുവയുടെ ആത്മപരിശോധന ദൈവം അംഗീകരി

ക്കുന്നു. യഹോവ യോശുവയ്ക്കു തോറ്റതിന്റെ കാരണം കാണിച്ചു കൊടുക്കുന്നു. യിസ്രാ യേൽ പാപം ചെയ്തിരിക്കുന്നു. യോശുവ തോൽവിയുടെ കാരണം അന്വേഷിച്ചു മനസ്സി ലാക്കി. ഉടനെതന്നെ യോശുവ ആ പാപത്തെ നീക്കികളയുന്നു. ദൈവം യിസ്രായേലിനു ഹായിയുടെമേൽ ജയം കൊടുത്തു. ജയിക്കുംവരെ യോശുവ കുന്തം ഏന്തിയ കൈ ഹായിയ്ക്കു നേരെ നീട്ടിയത് പിൻവലിച്ചില്ല.

വിശ്വാസത്തിന്റെ ആർപ്പ് നമ്മുടെ ഹൃദയങ്ങളിൽ ഉണ്ട് എങ്കിൽ സകല പ്രശനങ്ങളെയും, സകല കോട്ടകളെയും ഇടിച്ചു വീഴ്ത്തുവാൻ കഴിയും. എന്നാൽ നമ്മുടെ ജീവിതത്തിലെ ഏതൊരു വിഷയവും – ചെറുതാകട്ടെ, വലുതാകട്ടെ ഒരിക്കലും ലാഘവത്തോടെ കാണ രുത്. കാരണം, പ്രതിയോഗിയായ പിശാച് അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്നറിഞ്ഞു ചുറ്റി നടക്കുന്നു. അതുകൊണ്ട് ഓരോ ദിവസവും ദൈവസന്നിധിയിൽ നിന്ന് അന്നന്നേയ്ക്കുള്ള കൃപ നാം പ്രാപിച്ച് എടുക്കണം. അത് ഉപവസിച്ചും, കരഞ്ഞും. പ്രാർത്ഥിച്ചും വേണം ആ കൃപ പ്രാപിച്ച് എടുക്കുവാൻ. അപ്പോൾ ദൈവം നമ്മുടെ പരാജയ ത്തിൻമേൽ, പ്രയാസങ്ങളുടെമേൽ ജയം തരും. ജയിക്കും വരെ പ്രാർത്ഥനയിൽ പോരാ ടുക. നമ്മുടെ കൈകൾ ഉയർന്നിരിക്കട്ടെ.

**പരാമർശം :**

**1കൊരി 10:12**

**ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ.**

## സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 010